## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3101

11 .12.2014-ൽ
മറുപടിയ്ക്ക്

# 'അനധികൃതമായി ഭൂമി കൈക്കലാക്കൽ'

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ഈ സർക്കാർ വന്നശേഷം ഭൂമി തട്ടിപ്പ്, ഭൂപണയത്തിന്മേൽ പലിശയ്ക്ക് പണം നൽകി ചില റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൂമി കൈക്കലാക്കൽ തുടങ്ങിയ വിവിധതരം തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഭൂമി/വാസസ്ഥലം/കടകൾ തുടങ്ങിയവ വ്യാജപ്രമാണങ്ങളും വ്യാജ രേഖകളും ഉദ്യോഗസ്ഥരുടെ സഹായവും ഗുണ്ടാസംഘങ്ങളുടെ സംരക്ഷണവും ഉപയോഗിച്ച് പലരും കൈക്കലാക്കിയത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ സർക്കാരിന് ലഭിച്ചു; റവന്യു വകുപ്പ് പ്രസ്തുത പരാതികളിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | (ബി) റിപ്പോർട്ട് ലഭ്യമായ ജില്ലകളിൽ കൊല്ലം ജില്ലയൊഴികെയുള്ള ജില്ലകളിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ കൊല്ലം ജില്ലയിൽ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ലെങ്കിലും 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയ ശേഷം ബ്ളേഡ് മാഫിയക്കെതിരെ നടപടി ആവശ്യപ്പെട്ട് 14 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണവും, തുടർ നടപടിയും നടത്തുന്നതിനായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്. |

| | |
|---|---|
| (സി) റവന്യു വകുപ്പിന്റെ കണക്കുകൾ പ്രകാരം ഇത്തരം തട്ടിപ്പുകൾക്കു വിധേയമായി ഭൂമി നഷ്ടപ്പെട്ടവർ എത്ര; ആത്മഹത്യ ചെയ്തവർ എത്ര; കൊലചെയ്യപ്പെട്ടവർ എത്ര; മാരകമായ ആക്രമണങ്ങൾക്ക് വിധേയരായവർ എത്ര വിശദാംശം വ്യക്തമാക്കുമോ;<br><br>(ഡി) ഇത്തരം തട്ടിപ്പുകൾക്ക് വിധേയരായവർക്ക് അവരുടെ സ്വത്തു വകകൾ തിരികെ നൽകുവാനായി റവന്യു വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;<br><br>(ഇ) ഇത്തരം തട്ടിപ്പുകൾക്ക് കൂട്ടു നിൽക്കുകയും, തട്ടിപ്പുകൾ നടത്തിയതായി കണ്ടെത്തുകയും ചെയ്ത റവന്യു വകുപ്പിന്റെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചു; പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ;<br><br>(എഫ്) ഇത്തരം തട്ടിപ്പുകാരുടെ പ്രവർത്തനം അവസാനിപ്പിക്കാനും, തട്ടിപ്പിനുവിധേയരാകുന്നവരുടെ ഭൂമി തിരികെ നൽകാനും നിലവിലെ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുവാൻ തയ്യാറാകുമോ? | (സി), (ഡി), (ഇ), (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ